


# ഷോപ്പിംഗ് ബാഗ് നിർമ്മിക്കുക

ഈ വീഡിയോയിൽ വളരെ മനോഹരമായ മൾട്ടി പർപ്പസ് സ്ലിംഗ് ബാഗ് ഉണ്ടാക്കാൻ പഠിക്കും. നിങ്ങളുടെ എല്ലാ ഷോപ്പിങ്ങുകളും ഉല്ലാസകരമാക്കാൻ ഒരു നല്ല ബാഗ് ഉണ്ടെങ്കിൽ പ്ലാസ്റ്റിക്കിനോട് നോ എന്ന് പറയാൻ എളുപ്പമാണ്. അല്ലേ.



നമുക്ക് വേണ്ട സൗകര്യപ്രദമായ സൈസിലുള്ള ഒരു ബാഗ് ഉണ്ടാക്കാം.

വർണ്ണശോഭയുള്ള പതിനെട്ട് ഇഞ്ച് ഹൈറ്റും മുപ്പത്തിനാല് ഇഞ്ച് വീതിയുമുള്ള ഒരു കട്ടിയുള്ള തുണിയും ഉറപ്പും ഭംഗിയുമുള്ള ഒരു സ്ലിംഗ് ഹാൻഡിലും ഉണ്ടെങ്കിൽ അതിന് നിങ്ങളുടെ എല്ലാ ഷോപ്പിംഗ് ഭാരവും വഹിക്കാനാകും. ഇനി കുറേ ബീഡഡ് പിന്നുകളും വേണം.







തുണി വീതിയേറിയ വശങ്ങളായി വലത് വശങ്ങൾ മുഖാ മുഖമായി തിരിക്കുക. വശങ്ങൾ ബീഡഡ് പിന്നുകൾ കൊണ്ട് വീഡിയോയിൽ കാണിച്ചിരിക്കും വിധം യോജിപ്പിക്കുക. ടോപ്പ് തുറന്ന് വയ്ക്കാൻ മറക്കരുത്.

തുണി മെഷീനിൽ വച്ച് തയ്യൽ ആരംഭിക്കുക.
സ്റ്റിച്ചിന്റെ പാറ്റേൺ സെലക്ടർ ഏയിലേയ്ക്ക് തിരിക്കുക. എന്നിട്ട് രണ്ട് മുതൽ മൂന്ന് വരേയുള്ള സ്റ്റിച്ച് ലെങ്ങ്ത് സെലക്ടർ സെറ്റ് ചെയ്യുക. തയ്യൽ തുടങ്ങുക.

റിവേഴ്സ് സ്റ്റിച്ച് ലിവർ ഉപയോഗിച്ച് രണ്ടറ്റത്തും ലോക്കെ ചെയ്തെന്ന് ഉറപ്പാക്കുക. പിൻ ചെയ്ത വശത്തിലൂടെ തയ്ച്ച് അറ്റം വരെ തുടരുക.

നൂലുകൾ പിൻ ചെയ്യുക. തയ്ച്ച ഭാഗത്തെ പിന്നുകൾ മാറ്റുക.

മറുഭാഗം തയ്യാൻ ഇതുതന്നെ ആവർത്തിക്കുക.






ഇനി നിങ്ങൾ ഇപ്പോൾ സ്റ്റിച്ച് ചെയ്ത വശങ്ങൾ സുരക്ഷിതമാക്കാൻ ഓവർ എഡ്ജ് സ്റ്റിച്ച് ചെയ്യുക.

ഇത് ചെയ്യാൻ സ്റ്റിച്ച് പാറ്റേൺ സെലക്ടറിലേയ്ക്ക് പോയി അത് സീയിൽ സെറ്റ് ചെയ്ത് സ്റ്റിച്ച് ലെങ്ങ്ത് സെലക്ടർ വണ്ണിലേയ്ക്ക് മാറ്റുക.

തുണി സെന്ററിലുള്ള ഫുട്ടിനടിയിൽ ചേർത്ത് വയ്ക്കുക. അപ്പോൾ നീഡിൽ ഹോൾ ദൃശ്യമാകും. ബാലൻസ് വീൽ കൈ കൊണ്ട് കറക്കി അത് തുണിയിൽ നിന്നും അരികുകളിലേയ്ക്ക് നീങ്ങുന്നുണ്ടോ എന്ന് ചെക്ക് ചെയ്യുക. റോ എഡ്ജസിൽ ശ്രദ്ധാപൂർവ്വം തയ്ച്ച് അതിന് ഉറപ്പുള്ള ഒരു ഫിനിഷ്ഡ് അറ്റം ഉണ്ടാക്കി കൊടുക്കുക.

തുണി എടുത്ത് രണ്ട് ഭാഗത്തും പൊന്തി നിൽക്കുന്ന നൂല് ട്രിം ചെയ്യുക. പൊന്തി നിൽക്കുന്ന അറ്റങ്ങൾ പുറത്തേയ്ക്ക് കാണുന്നു എങ്കിൽ നല്ല ഫിനീഷിനായി അത് നീക്കം ചെയ്യാം.



ഇനി മേലറ്റം മടക്കി ഒപ്പം പിടിവള്ളിയും സ്റ്റിച്ച് ചെയ്യാം. ഏതെങ്കിലും ഒരറ്റം എടുത്ത് മേലേ നിന്നും ടോപ്പ് എഡ്ജ് കാലിഞ്ചും പിന്നെ അര ഇഞ്ച് എന്ന രീതിയിൽ ഡബിൾ ഫോൾഡ് ആക്കുക. സ്ലിംഗ് ഹാൻഡിലിന്റെ എന്റ് എടുത്ത് ഫോൾഡിൽ തിരുകുക. ബീഡഡ് പിൻ കൊണ്ട് എല്ലാ പാളികളേയും ചേർത്ത് കുത്തി സുരക്ഷിതമാക്കുക.

എതിർ ദിശയിലുള്ള അരിക് എത്തുന്നത് വരെ തുണിയുടെ ഫോൾഡിലൂടെ പിൻ ചെയ്യുന്നത് തുടരുക. ബാഗ് ഹാൻഡിലിൽ ചുളുക്കുകൾ ഒന്നും ഇല്ലെന്ന് ഉറപ്പ് വരുത്തുക. ബാഗിന്റെ മറുഭാഗത്തെ പിടുത്തവും ഫോൾഡ് ചെയ്തതും പിൻ ചെയ്തതും അറ്റാച്ച് ചെയ്യുക. പിടുത്തവും ഹാൻഡിലും പിൻ ചെയ്ത് സുരക്ഷിതമാക്കിയാൽ സ്റ്റിച്ച് ചെയ്യാം.




സ്റ്റിച്ച് പാറ്റേൺ സെലക്ടർ ഏയിലേക്ക് തിരിച്ച് സ്റ്റിച്ച് ലെങ്ങ്ത് സെലക്ടർ രണ്ടരയായി സെറ്റ് ചെയ്യുക. ഫോൾഡിലൂടെ അറ്റം തയ്യുക. ബീഡഡ് പിൻ വരുമ്പോൾ അവ നീക്കം ചെയ്യാൻ മറക്കരുത്.

ഹാൻഡിലിന് കൂടുതൽ ഉറപ്പാക്കുകയും അതിന് ഒരു വൃത്തിയുള്ള ഫിനിഷിങ്ങ് സ്റ്റിച്ച് നൽകാൻ ഫോൾഡിലൂടെ സ്റ്റിച്ച് ചെയ്യുക. ഈ വീഡിയോയിൽ കാണുന്നതുപോലെ അറ്റത്തുകൂടി ആരംഭിക്കുക.



സ്റ്റിച്ചുകളിൽ ഇസ്തിരി ചെയ്യുക. എന്നിട്ട് ബാഗ് അകത്ത് നിന്നും പുറത്തേയ്ക്ക് വലത് സൈഡിലേയ്ക്ക് തുറക്കുക. മൊനച്ച് നിൽക്കാൻ കോർണറുകൾ അഡ്ജസ്റ്റ് ചെയ്യുക.

നിങ്ങളുടെ കൈവശം ഇപ്പോൾ ഷോപ്പിങ്ങിനായുള്ള എല്ലാ സെറ്റും കൂടാതെ നിങ്ങളുടേതായാ ബ്രാൻഡ് ന്യൂ കുറ്റബോധരഹിതവും പരിസ്ഥിതി സൗഹൃദവുമായ ഷോപ്പിംഗ് ബാഗ് ഉണ്ട്.



അതുകൊണ്ട് മുന്നോട്ട് പോകൂ. ഇതുപോലെ ഉള്ളവ ഇനിയും ഉണ്ടാക്കി കൂട്ടുകാർക്കും പ്രിയപ്പെട്ടവർക്കും നൽകൂ. അങ്ങനെ ഭൂമിയെന്ന ഗ്രഹം നിലനിൽക്കാൻ എന്തെങ്കിലും ചെയ്യൂ. ഒന്നുറപ്പാക്കുക അവർ നിങ്ങളെ അതിനേക്കാൾ കൂടുതൽ സ്നേഹിക്കും.